**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 223** **27-06-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് സർക്കാർ മെഡിക്കൽ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും 45.6255 കോടി രൂപയും കാസർഗോഡ് വികസന പാക്കേജിൽ നിന്നും 27,03,33,948/- രൂപയും അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം കിഫ്ബി ഫണ്ടിൽ നിന്നും 160.23 കോടി രൂപയുടെള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. അനുവദിച്ച തുകയിൽ നിന്നും നിയമപരമായ കിഴിവുകൾ കഴിഞ്ഞിട്ടുള്ള മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ ആശുപത്രി ബ്ലോക്കിന്റെ സിവിൽ വർക്കുകൾ, ഫയർ ഫൈറ്റിംഗ് ജോലികൾ അക്കാദമിക് ബ്ലോക്കിന്റെ സിവിൽ, ഇലക്ട്രിക്കൽ, ഫയർ ഫൈറ്റിംഗ്, ഇ.എൽ.വി, വെന്റിലേഷൻ സിസ്റ്റം, ഗേൾസ് ഹോസ്റ്റൽ അധ്യാപക ക്വാർട്ടേഴ്സ് എന്നീ പ്രവർത്തികൾക്കാണ് തുക ചെലവഴിക്കുന്നത്. |
| (ബി) | ഏതെല്ലാം ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചതെന്നും ഈ തുക മുഴുവൻ ചെലവഴിച്ചോ എന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും 45.6255 കോടി രൂപയും കാസർഗോഡ് വികസന പാക്കേജിൽ നിന്നും 27,03,33,948/- രൂപയും അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം കിഫ്ബി ഫണ്ടിൽ നിന്നും 160.23 കോടി രൂപയുടെള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. അനുവദിച്ച തുകയിൽ നിന്നും നിയമപരമായ കിഴിവുകൾ കഴിഞ്ഞിട്ടുള്ള മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ ആശുപത്രി ബ്ലോക്കിന്റെ സിവിൽ വർക്കുകൾ, ഫയർ ഫൈറ്റിംഗ് ജോലികൾ അക്കാദമിക് ബ്ലോക്കിന്റെ സിവിൽ, ഇലക്ട്രിക്കൽ, ഫയർ ഫൈറ്റിംഗ്, ഇ.എൽ.വി, വെന്റിലേഷൻ സിസ്റ്റം, ഗേൾസ് ഹോസ്റ്റൽ അധ്യാപക ക്വാർട്ടേഴ്സ് എന്നീ പ്രവർത്തികൾക്കാണ് തുക ചെലവഴിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കോളേജ് നിർമ്മാണം പൂർത്തിയാക്കുന്നതിന് ഇനി എത്ര തുക ആവശ്യമുണ്ടെന്നും ഈ തുക എപ്പോൾ അനുവദിക്കുമെന്നും വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ വിവിധ നിർമ്മാണ പ്രവർത്തികൾക്കായി കിഫ്ബി മുഖേന 160.23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ഇതുവരെ അനുവദിച്ച തുക കൂടാതെ കെട്ടിട നിർമ്മാണത്തിനും ഫയർ ഫൈറ്റിംഗ് ജോലികൾക്കുമായി 51.787 കോടി രൂപ കൂടി നിലവിൽ ആവശ്യമുണ്ട്. പ്രവർത്തി ആരംഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ ഏത് വർഷം പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി എൻ.എം.സി അംഗീകാരം, കേരള ആരോഗ്യ സർവ്വകലാശാല അഫിലിയേഷൻ എന്നിവ ലഭ്യമാക്കി മെഡിക്കൽ കോളേജ് പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ